IT @ School

DEPARTMENT OF GENERAL EDUCATION
GOVERNMENT OF KERALA

# HI-TECH SCHOOL

## 'സ്കൂൾ ഡെവലപ്മെന്റ് പ്ലാൻ' വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഹൈസ്കൂൾ, ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള ഉപകരണങ്ങളുടേയും ആവശ്യമായവയുടേയും യഥാർത്ഥ വിവരശേഖരണം നടത്തുന്നതിന് ഇതിനോടൊപ്പമുള്ള പ്രൊഫോർമയിൽ വിശദാംശങ്ങൾ നൽകേണ്ടതാണ്. പ്രൊഫോർമ ഏഴ് ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്

### A. ക്ലാസ് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ:

സ്കൂളിലെ ആകെ വിദ്യാർത്ഥികൾ, ആകെ ഡിവിഷൻ/ബാച്ച്, വൈദ്യുതീകരിച്ച ക്ലാസ് മുറികൾ, നെറ്റ്‌വർക്ക് ചെയ്ത ക്ലാസ് മുറികൾ, പ്രൊജക്ടർ-കമ്പ്യൂട്ടർ എന്നിവ സജ്ജീകരിച്ച് നിലവിൽ പ്രവർത്തിക്കുന്ന സ്മാർട് ക്ലാസ് മുറികളുടെ വിശദാംശങ്ങൾ, 2016 ഡിസംബർ 31 നകം വൈദ്യുതീകരണവും നെറ്റ്‌വർക്കും പൂർത്തിയാക്കി സ്മാർട് ക്ലാസ്മുറിയായി സെറ്റ്ചെയ്യാൻ കഴിയുന്ന ക്ലാസ് മുറികൾ, ലാപ്ടോപ്പ്, പ്രോജക്ടർ തുടങ്ങിയ ഉപകരണങ്ങളെക്കിറിച്ചുള്ള വിശദാശങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്. ഇവയെ അടിസ്ഥാനമാക്കിയാണ് സ്കൂളുകൾക്ക് ഹാർഡ്‌വെയർ വിതരണം ചെയ്യുന്നത്.

### B. സ്കൂളിൽ നിലവിലുള്ള കമ്പ്യൂട്ടർ ലാബിന്റെ വിശദാംശങ്ങൾ:

സ്കൂളിലെ ആകെ കമ്പ്യൂട്ടർ ലാബുകൾ, പ്രവർത്തിക്കുന്ന കമ്പ്യൂട്ടറുകൾ, കേടുപാടുകൾ തീർത്ത് പ്രവർത്തിപ്പിക്കാൻ കഴിയുന്നവ, ഇനിയും ആവശ്യമുള്ളവ തുടങ്ങിയ വിശദാശങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്.

### C. യുപിഎസിന്റെ വിശദാംശങ്ങൾ:

സ്കൂളിൽ ലഭ്യമായ യു.പി.എസുകൾ, കേടുപാടുകൾ തീർത്ത് പ്രവർത്തിപ്പിക്കാൻ കഴിയുന്നവ, ഇനിയും ആവശ്യമുള്ളവ തുടങ്ങി **കമ്പ്യൂട്ടർലാബ് പ്രവർത്തിക്കാനാവശ്യമായ** യു.പി.എസിന്റെ വിശദാശങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്.

### D. നെറ്റ്‌വർക്ക് ചെയ്യേണ്ടതിന്റെ വിശദാംശങ്ങൾ:

സ്കൂളിന്റ പ്രധാന കമ്പ്യൂട്ടർ ലാബിൽ നിന്ന് ഓരോ ക്ലാസിലേക്കും നെറ്റ്‌വർക്ക് ചെയ്യാൻ ആവശ്യമായ ആകെ കേബിളുകളുടെ നീളം, ഹബുകളുടെ / സ്വിച്ചുകളുടെ എണ്ണം തുടങ്ങിയ വിശദാംശങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്. പ്രധാന ലാബിൽ നിന്ന് 'ഓരോ കെട്ടിടത്തിലുമുള്ള(രണ്ടിലധികം ക്ലാസ്മുറികൾ

പ്രവർത്തിക്കുന്ന) ഹബ്/സ്വിച്ച് എന്നിവയിലേക്കും അവിടെ നിന്ന് ക്ലാസ്മുറികളിലേക്കും' എന്ന നെറ്റ്‌വർക്ക് ക്രമീകരണ രീതി മാതൃകയായി എടുക്കാം. വിവിധനിലകളുള്ള കെട്ടിടത്തിലെ ഓരോ നിലകളിലും ഓരോ ഹബ്/ സ്വിച്ച് ക്രമീകരിക്കേണ്ടതായി വന്നേക്കാം. ഒരു മാതൃക കാണുക.



Networking Diagram - Model

## E. ഹാർഡ്‌വെയർ ക്ലിനിക്കിനുവേണ്ട വിശദാംശങ്ങൾ:

ഹാർഡ്‌വെയർ ക്ലിനിക്കിലൂടെ പ്രവർത്തനക്ഷമമാക്കാൻ കഴിയുന്ന കമ്പ്യൂട്ടർ, പ്രോജക്ടർ എന്നിവയുടെ വിശദാംശങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്.

## F. ഇ-വെയ്സ്റ്റ് വിശദാംശങ്ങൾ :

ഒരു തരത്തിലും പ്രവർത്തനക്ഷമമാക്കാൻ സാധിക്കാതെ, ഇ-വേയ്സ്റ്റ് എന്ന നിലയിൽ സൂക്ഷിച്ചിരിക്കുന്ന ഉപകരണങ്ങളുടെ വിശദാംശങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്. ഇ-വെയ്സ്റ്റ് ആയി കണക്കാക്കിയ ഉപകരണങ്ങളുടെ നിജസ്ഥിതി അറിയാനായി ഉദ്യോഗസ്ഥതലത്തിലുള്ള വിശദമായ പരിശോധന ഉണ്ടായിരിക്കുന്നതാണ്.

**പ്രത്യേകശ്രദ്ധക്ക്:** ഉപകരണങ്ങളെ ഇ-വെയ്സ്റ്റ് ആയി തീരുമാനിക്കുന്നതിന് സ്കൂൾ അധികൃതർക്ക് നിലവിൽ അധികാരമില്ല. എങ്കിലും, എസ്.ഐ.ടി.സി.യുടെയും ഹാർഡ്‌വെയറിൽ പ്രാവീണ്യമുള്ള അധ്യാപകരുടെയും നേതൃത്വത്തിൽ വിവിധതരത്തിലുള്ള പരിശോധനയിൽ ഇ-വെയ്സ്റ്റ് ആയി പ്രത്യക്ഷത്തിൽ തോന്നുന്നവയെ ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

## G. സ്കൂളിനെക്കുറിച്ചുള്ള അധിക വിവരങ്ങൾ

സ്കൂളിലെ ഐ.സി.ടി അധിഷ്ഠിത ക്ലാസുകൾ കൈകാര്യം ചെയ്യാൻ പ്രാപ്തരായ അധ്യാപകരുടെ

വിവരങ്ങൾ, കമ്പ്യൂട്ടർലാബിലെ ഇന്റർനെറ്റ് കണക്ടിവിറ്റിയുള്ള കമ്പ്യൂട്ടറുകളുടെ എണ്ണം, സ്കൂൾവിക്കിയിലെ(www.schoolwiki.in) സ്കൂളിന്റെ പങ്കാളിത്തം, 'സമ്പൂർണ' പോർട്ടലിലെ (www.sampoorna.itschool.gov.in) വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയവയെക്കുറിച്ചുള്ള വിശദാംശങ്ങളാണ് ഈ വിഭാഗത്തിൽ നൽകേണ്ടത്. സ്കൂളുകളിൽ ഹാർഡ്‌വെയറുകൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണനാക്രമം നിശ്ചയിക്കുന്നതിൽ ഈ വിഭാഗത്തിലെ പ്രകടനവും പരിഗണിക്കുന്നതാണ്.

* * * * * * * * * * * * * * * * * * *